കിസ്ത് ഇനത്തിൽ പിരിഞ്ഞു കിട്ടാനുണ്ടായിരുന്ന കുടിശ്ശിക

443 [792] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1980–81–ൽ കിസ്ത് ഇനത്തിൽ പിരിഞ്ഞു കിട്ടാനുണ്ടായിരുന്ന കുടിശ്ശിക എത്രയായിരുന്നു;

(ബി) 1981–82, 1982–83, 1983–84, 1984–85 എന്നീ വർഷങ്ങളിൽ കുടിശ്ശിക സംഖ്യകൾ എത്രവീതമാണ്;

(സി) 15–8–1985–ൽ സംസ്ഥാനത്തെ ആകെ പിരിച്ചെടുക്കാനുള്ള കുടിശ്ശിക സംഖ്യ എത്രയാണ്;

(ഡി) കുടിശ്ശിക സംഖ്യ ഏറ്റവും കൂടുതൽ തരാനുള്ള 25 ആളുകളുടെ പേരും വിലാസവും അവർ ഓരോരുത്തർ തരാനുള്ള സംഖ്യയും പറയാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15–8–1985 വരെ എത്ര കുടിശ്ശിക സംഖ്യ പിരിച്ചെടുത്തു;

(എഫ്) അതിന്റെ റവന്യൂ റിക്കവറി പ്രകാരം എത്ര സംഖ്യ പിരിച്ചെടുത്തു?

ഉത്തരം

(എ) 5,87,49,050.01 രൂപ.

(ബി) കുടിശ്ശിക 1981–82–ൽ 9,58,55,856.86 രൂപയും, 1982–83–ൽ 3,22,44,844.83 രൂപയും, 1983–84–ൽ 1,28,69,681.30 രൂപയും 1984–85–ൽ 7,56,38,301.80 രൂപയുമായിരുന്നു.

(സി,ഡി,ഇ,എഫ്) വിവരം ശേഖരിച്ചുവരുന്നു.

ബിവറേജസ് കോർപ്പറേഷൻ നിലവിൽ വന്നതിനുശേഷം വാങ്ങിയ മദ്യം

444 [793] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ നിലവിൽ വന്നതിനുശേഷം 15–8–1985 വരെ എത്ര മദ്യം വാങ്ങിയിട്ടുണ്ട്;

(ബി) ഓരോ കമ്പനിയിൽ നിന്നും എത്ര വീതം;

(സി) ഈ മദ്യത്തിന് ആകെ എത്ര സംഖ്യ നൽകി;

(ഡി) മദ്യം വാങ്ങിയ വകയിൽ കമ്പനികൾക്ക് പണം നൽകാനുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഓരോ കമ്പനിയ്ക്കും എത്ര വീതം;

(എഫ്) ഈ കച്ചവടത്തിൽ കോർപ്പറേഷന് കമ്മീഷൻ കിട്ടുകയുണ്ടായോ ഉണ്ടെങ്കിൽ എത്ര;

LIBRARY ARCHIVES Kerala Legislative Assembly